LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ (2016 മുതൽ 5-8-2021 വരെ) സർക്കാർ വിരുദ്ധ സമരങ്ങളുടെ പേരിൽ 7,318 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഇത്തരം സമരങ്ങളുടെ ഭാഗമായി നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ ആകെ മൂല്യം എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ ഇത്തരം സമരങ്ങളുടെ ഭാഗമായി നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ ആകെ മൂല്യം 4,01,34,242 (നാല് കോടി ഒരു ലക്ഷത്തി മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിരണ്ട്) രൂപയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടെന്നും ആകെ പ്രതികളുടെ എണ്ണം എത്രയെന്നും ഇതിൽ എത്രപേരാണ് ശിക്ഷിക്കപ്പെട്ടതെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ;

സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന് ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ എത്ര നിയമസഭാ സാമാജികരും മുൻ നിയമസഭാ സാമാജികരുമാണ് പ്രതികളായിട്ടുള്ളത്; ഇവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ?

സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന് ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ നിലവിലെ നിയമസഭാ സാമാജികൻ ശ്രീ. ടി. സിദ്ദിഖ്, മുൻ നിയമസഭാ സാമാജികരായ ശ്രീ. ശബരീനാഥ്, ശ്രീ.എൽദോ എബ്രഹാം, ശ്രീ. അബ്ദു റബ്ബ് പി. കെ. എന്നിവർ പ്രതികളായിട്ടുണ്ട്.

മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്കെതിരെയുള്ള പോലീസ് നടപടി

113 (4838) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങളുടെ പേരിൽ, വഴിയോരത്ത് മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകളോട്, പോലീസ് മനുഷ്യത്വരഹിതമായി പെരുമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാരിപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ വഴിയോരത്ത് മത്സ്യക്കച്ചവടം ചെയ്തിരുന്ന ശ്രീമതി മേരി എന്ന സ്ത്രീയുടെ കൈവശമുണ്ടായിരുന്ന മത്സ്യം അഴുക്കു ചാലിലേയ്ക്ക് തട്ടിത്തെറുപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഉയർന്ന ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ 28-7-2021-ൽ 'ഡി' കാറ്റഗറിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച മേഖലയാണ്. അവിടെ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. പൊതുസ്ഥലങ്ങളിലും മത്സ്യവിപണന കേന്ദ്രങ്ങളിലും മാർക്കറ്റുകളിലും മത്സ്യവ്യാപാരം നിയന്ത്രിക്കുകയും ചില സ്ഥലങ്ങളിൽ നിരോധിക്കുകയും ചെയ്തിട്ടുള്ളതാണ്. പാരിപ്പള്ളി-വർക്കല റോഡിൽ നീരോന്തി എന്ന സ്ഥലത്ത് 28-7-2021-ന് മത്സ്യ കച്ചവടം നടക്കുന്നതിന്റെ ഫലമായി ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്ന സാഹചര്യമുണ്ടായി. ഇതുസംബന്ധിച്ച് തദ്ദേശീയരായ ആൾക്കാർ പരാതി ഉന്നയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പോലീസ് പലതവണ വിലക്കുകയും ചെയ്തിരുന്നു. കച്ചവടം നടത്തിയവരെ കർശ്ശനമായി ഒഴിപ്പിച്ചതിനെത്തുടർന്ന് പാമ്പുറം എന്ന സ്ഥലത്തേയ്ക്ക് കച്ചവടം മാറ്റി. ഈ സ്ഥലവും ഉയർന്ന നിരക്ക് നിലനിൽക്കുന്ന 'ഡി' കാറ്റഗറിയിൽ വരുന്ന സ്ഥലമായിരുന്നു. പോലീസ് ഇവിടെനിന്നും കച്ചവടക്കാരോട് മാറാൻ നിർദ്ദേശിക്കുകയുണ്ടായി. പോലീസ് മത്സ്യങ്ങളോ പാത്രങ്ങളോ വലിച്ചെറിയുകയോ തട്ടിമറിക്കുകയോ ചെയ്തിട്ടില്ല എന്നാണ് പോലീസ് റിപ്പോർട്ട്. മത്സ്യകച്ചവടം നിരോധിച്ച കാരണത്താൽ മത്സ്യവും മറ്റും വാരിയെറിഞ്ഞ നിലയിലുള്ള രംഗം കൃത്രിമമായി സൃഷ്ടിച്ച് പ്രാദേശിക ചാനലിലൂടെ പ്രചരിപ്പിക്കുകയും തുടർന്ന് അത് സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുകയുമാണുണ്ടായത് എന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ പ്രശ്നത്തെയും ഇതുസംബന്ധിച്ച് പ്രചരിക്കപ്പെട്ട, വാർത്തയുടെയും നിജസ്ഥിതി അന്വേഷിക്കാൻ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

എൻ.ജി. ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള അപേക്ഷ

114 (4839) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി ഉത്തരവ് പ്രകാരം സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ട മുൻ തൊടുപുഴ സി.ഐ. ശ്രീ. എൻ. ജി. ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത വ്യക്തി അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എൻ. ജി. ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കാൻ തീരുമാനമെടുത്തിട്ടില്ല. ടി വ്യക്തി അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.